നേറ്റിവിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം

64 (1621) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേറ്റിവിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിന് അധികാരപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥർ ആരാണ് ;

(ബി) നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാൻ അപേക്ഷകൻ പാലിക്കേണ്ട നടപടി ക്രമങ്ങളെന്തെല്ലാം ;

(സി) സർട്ടിഫിക്കറ്റ് നൽകുന്നതിന് കുറഞ്ഞ കാലപരിധി നിർണ്ണയിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ/സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വകുപ്പു മേധാവികൾ, സംസ്ഥാന അധികൃതർ എന്നിവർക്ക് ഹാജരാക്കേണ്ട നേറ്റിവിറ്റി സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് ബന്ധപ്പെട്ട വില്ലേജാഫീസറേയും, കേന്ദ്ര സർക്കാർ വകുപ്പിലേക്ക് ഹാജരാകേണ്ട സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട തഹസിൽദാരേയും, പ്രതിരോധ വകുപ്പ് അധികൃതരുടെ മുമ്പിൽ ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട ജില്ലയിലെ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റായ ഡെപ്യൂട്ടി കളക്ടർ(ജനറൽ)നേയും അധികാരപ്പെടുത്തിയിരിക്കുന്നത്.

(ബി) നേറ്റിവിറ്റി സർട്ടിഫിക്കറ്റിന് പ്രത്യേക അപേക്ഷാഫാറം ഇല്ല. വെള്ളക്കടലാസ്സിൽ ഒരു രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് ഒട്ടിച്ച് അപേക്ഷ വില്ലേജാഫീസർക്ക് നൽകേണ്ടതാണ്. സ്ഥിരതാമസക്കാരനാണെന്ന് തെളിയിക്കുന്നതിന് റേഷൻ കാർഡ്, മറ്റ് തെളിവുകൾ മുതലായവ വില്ലേജാഫീസിൽ ഹാജരാക്കേണ്ടതാണ്.

(സി) സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള കാലപരിധി സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്.) 300/96/ആർ. ഡി. തീയതി 12-6-1996 പ്രകാരം ഒരാഴ്ചയായി നിജപ്പെടുത്തിയിട്ടുണ്ട്.

റവന്യൂ വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള ആഘോഷങ്ങൾ

65 (1622) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എന്തെല്ലാം ആഘോഷങ്ങൾ നടത്തി വരുന്നുണ്ട് ;

(ബി) എന്തെല്ലാം ആഘോഷങ്ങൾക്ക് ധനസഹായം നൽകി വരുന്നു ;

(സി) ഈ ആഘോഷങ്ങൾ നടത്തുവാൻ സാംസ്ക്കാരിക വകുപ്പിനെയോ വിനോദസഞ്ചാര വകുപ്പിനെയോ ഏൽപ്പിക്കുവാൻ ഉദ്ദേശമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റവന്യൂ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ആഘോഷങ്ങൾ താഴെ പറയുന്നവയാണ്.

1. സ്വാതന്ത്ര്യദിനം (ജില്ലാതലം)
2. റിപ്പബ്ലിക് ദിനം (ജില്ലാതലം)
3. ജില്ലാതല കേരളോത്സവം
4. ജില്ലാതല ടൂറിസം വാരാഘോഷം.
5. മാനവീയം പരിപാടികൾ
6. ആലപ്പുഴ ജില്ലയിലെ മൂലംവള്ളംകളി.

(ബി) കൊല്ലം ജില്ലയിൽ കേരളോത്സവം, ടൂറിസം വാരാഘോഷം എന്നിവയും, തൃശ്ശൂർ ജില്ലയിൽ ഓണാഘോഷത്തിനും ടൂറിസം വകുപ്പും ജില്ലാ കേരളോത്സവത്തിന് യൂത്ത് വെൽഫെയർ ബോർഡും ധനസഹായം നല്കുന്നുണ്ട്. ഇടുക്കി ജില്ലയിൽ റിപ്പബ്ലിക് ദിനാഘോഷം, ടൂറിസം വാരാഘോഷം എന്നിവയ്ക്കും ധനസഹായം നൽകുന്നുണ്ട്. ആലപ്പുഴ ജില്ലയിൽ കേരളോത്സവത്തിനും വയനാട് ജില്ലയിൽ മൂലംവള്ളം കളിക്ക് കേന്ദ്ര ടൂറിസം വകുപ്പിൽനിന്നും ധനസഹായം ലഭിക്കുന്നുണ്ട്. മലപ്പുറം ജില്ലയിൽ വിനോദ സഞ്ചാരവാരാഘോഷത്തിനും ധനസഹായം നൽകുന്നുണ്ട്.

(സി) നിർദ്ദേശം തൽക്കാലം പരിഗണനയിലില്ല.

താലൂക്ക് പുനഃസംഘടനമൂലം സൃഷ്ടിക്കേണ്ടിവരുന്ന തസ്തികകൾ

66 (1625) ശ്രീ. സി. മൊയിൻ കുട്ടി :
ശ്രീ. എം. കെ. മുനീർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ താലൂക്കുകൾ പുനസംഘടിപ്പിക്കുന്നതുമൂലം എത്ര തസ്തികകൾ സൃഷ്ടിക്കേണ്ടിവരും ;

(ബി) ഇതിലേക്കായി വാർഷിക ചെലവ് എന്തുവരുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) താലൂക്ക് വിഭജനം സംബന്ധിച്ച് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകൾ പരിശോധിച്ച് വരികയാണ്. വിഭജിക്കേണ്ട താലൂക്കുകൾ ഏതെന്നുള്ള തീരുമാനം വ്യക്തമായാൽ മാത്രമേ സൃഷ്ടിക്കേണ്ടിവരുന്ന തസ്തികകളുടെയും ഇതിലേക്കാവശ്യമുള്ള വാർഷിക ചെലവും കണക്കാക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly